# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

01-07-2014-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : * 483

## പുതുവൈപ്പിനിലെ എൽ.എൻ.ജി. ടെർമിനൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. എസ്. ശർമ്മ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രഖ്യാപിച്ച കേന്ദ്രമേഖലയിലുള്ള വ്യാവസായിക പദ്ധതികളടക്കമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തത് വ്യവസായ തകർച്ചയ്ക്കും പൊതുഖജനാവിന് കോടികളുടെ നഷ്ടവും വരുത്തുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര മേഖലയിലെ ചില വ്യാവസായിക പദ്ധതികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നുണ്ട്. |
| (ബി) പുതുവൈപ്പിനിലെ എൽ.എൻ.ജി. ടെർമിനൽ തകർച്ച നേരിടാനുണ്ടായ കാരണങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) & (സി) | പുതുവൈപ്പിനിലെ LNG Terminal നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് സർക്കാർ പ്രത്യേകമായി പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ പ്രസ്തുത പദ്ധതിക്ക് അതിന്റെ ഉൽപ്പാദനശേഷി വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കാത്തതിനാൽ ടി യൂണിറ്റിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നതായി സംസ്ഥാന സർ |
| (സി) പൊതുഖജനാവിൽ നിന്ന് പണം മുടക്കി യഥാസമയം പദ്ധതി പൂർത്തി | | |

യാക്കാതെ നഷ്ടമുണ്ടാക്കുകയും പിന്നീട് ഇത്തരം സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് നൽകുന്നതിന് അവസരമുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്ന സമീപനം കൈക്കൊള്ളുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

ക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ സംഭരണ ശേഷിയുടെ 10% മാത്രമാണ് ഇപ്പോഴത്തെ ഉപഭോഗം.

ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള എതിർപ്പും പദ്ധതിയുടെ സുരക്ഷയെ സംബന്ധിച്ചുള്ള ജനങ്ങളുടെ ആശങ്കയുമാണ് ഗെയിൽ ഗ്യാസ് പദ്ധതിയുടെ പുരോഗതി തടസ്സപ്പെടുന്നതിനുള്ള പ്രധാന കാരണം. ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിച്ചും, പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ചിട്ടയോട് കൂടി വിവിധ തലങ്ങളിൽ അവലോകനം നടത്തിയും സമയബന്ധിതമായി പൂർത്തീകരണം നടത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോകൂടി പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡിന്റെ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയും അതുവഴി നഷ്ടമില്ലാത്ത രീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കുമെന്നും വിലയിരുത്തപ്പെടുന്നു.

ഹ്രസ്വകാല നടപടി എന്ന നിലയ്ക്ക് കൊച്ചിയിൽ ലഭിക്കുന്ന regasified LNG യുടെ വില മറ്റു സ്ഥലങ്ങളിലുള്ള വിലയുമായി ഏകീകരിച്ചാൽ നിലവിലുള്ള ഉപഭോക്താക്കളുടെ ഉപഭോഗം വർദ്ധിക്കാനും സാധ്യതയുണ്ട്. ഇതുവഴി പദ്ധതിയുടെ പ്രതിസന്ധി ഒരു

പരിധിവരെ പരിഹരിക്കാൻ സാധിക്കും. ഇത്തര ത്തിലൊരു നിർദ്ദേശം പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് അധികൃതർക്ക് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ